I ഇ.ബി. XV- കേരള നിയമസഭ/V-8

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22(*211) നഗരങ്ങളിലെ കുടിവെള്ള വിതരണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, കേരളത്തിലെ എല്ലാ നഗരസഭകളിലും കുടിവെള്ളമെത്തിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി അമൃത് 2.0 പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും 2026 വർഷത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന ടി പദ്ധതിയിൽ 9 അമൃത് നഗരങ്ങളിലെ സിവറേജ് / സെപ്റ്റേജ് മാലിന്യ സംസ്കരണത്തിനുള്ള പ്രത്യേക പദ്ധതികൾ ഉൾപ്പെടുന്നതായും 2023 മാർച്ചിൽ

പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി 158 ജലവിതരണ പ്രവൃത്തികളുടെയും 90 സിവറേജ് പദ്ധതികളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾക്കായി 24 x 7 ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനായി കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (KUWSIP)-ൽ ഉൾപ്പെടുത്തി എ.ഡി.ബി. സഹായത്തോടെയുള്ള പദ്ധതിക്ക് 2511 കോടി രൂപയുടെ ഭരണാനുമതി നല്കുകയും കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയുമാണ്. ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവൃത്തിമൂലം റോഡ് നിർമ്മാണ/ നവീകരണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിലെ എഞ്ചിനീയർമാരുൾപ്പെടുന്ന ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടെന്നും കുടിവെള്ള പദ്ധതിക്കായി പഞ്ചായത്ത് റോഡുകൾ പൊളിക്കേണ്ടിവന്നാൽ അവ പുനഃസ്ഥാപിക്കുന്നതിനുള്ള ഫണ്ടുകൂടി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി. വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്നായി 1131 കോടി രൂപ വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുണ്ടെന്നും കുടിശ്ശിക തീർപ്പാക്കുന്നതിനായി അദാലത്ത് സംഘടിപ്പിക്കുമെന്നും കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ

മാറ്റിസ്ഥാപിക്കുമെന്നും കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം സർക്കാർ വഹിക്കുന്ന കാര്യം പരിശോധിക്കുമെന്നും തിരുവനന്തപുരം നഗരത്തിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ളമെത്തിക്കുന്നതിന് നെയ്യാർ ഡാമിന് സമീപത്തായി 120 MLD ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷനിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്നതിന് കിഫ്ബി, അമൃത് ധനസഹായത്തോടെ ഞാങ്കടവ് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23(*212) ഇക്കോ സെൻസിറ്റീവ് സോണുകൾ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, സംരക്ഷിത മേഖലയ്ക്കുചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാനത്തിന്റെ ഭൂവിസ്തൃതി, ഭൂമി

ശാസ്ത്രപരമായ പ്രത്യേകതകൾ, ജനസാന്ദ്രത തുടങ്ങിയവ ചൂണ്ടിക്കാണിച്ച് ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കി ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ടി നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്നും സഭയെ അറിയിച്ചു. സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാർ/ കേന്ദ്ര എംപവേർഡ് കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തുന്നതിനും നിയമനിർമ്മാണത്തിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സംരക്ഷിത മേഖലയുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ജനവാസ കേന്ദ്രങ്ങൾ, കൃഷിസ്ഥലങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആന്റ്

എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി. കേരളത്തിൽ പുതിയ വന്യജീവി സങ്കേതങ്ങൾ പ്രഖ്യാപിക്കുന്നതിനെതിരെ നിയമപരമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കുമെന്നും പരിസ്ഥിതിലോല പ്രദേശത്ത് ചുവന്ന പട്ടികയിലുള്ള വ്യവസായങ്ങളും വൻതോതിലുള്ള മൈനിംഗും അനുവദിക്കുകയില്ലെന്നും മംഗളവനം പക്ഷി സങ്കേതത്തെ ഇക്കോ സെൻസിറ്റീവ് സോണിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

24(*213) <u>സ്വാഭാവിക വനവികസനം</u>

വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി പാരിസ്ഥിതിക/ ജലസുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയരേഖ അംഗീകരിച്ചിട്ടുണ്ടെന്നും ആരോഗ്യകരമായ സ്വാഭാവിക പരിസ്ഥിതി പുനഃസ്ഥാപിക്കുന്നതുവഴി സുസ്ഥിര സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ലക്ഷ്യം വയ്ക്കുന്നതെന്നും സഭയെ അറിയിച്ചു. വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധമാർഗ്ഗങ്ങളും സംബന്ധിച്ച് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഇന്ത്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി നടത്തുന്ന പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾ ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും തയ്യാറാക്കിയ പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുവാനുള്ള കാരണങ്ങളിലൊന്ന് സ്വാഭാവിക വനത്തിന്റെ ശോഷണത്തിന് കാരണമായ അധിനിവേശ സസ്യങ്ങളാണെന്ന് പരാമർശിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് കടന്നുവരുന്നത് തടയുന്നതിനായി വനാതിർത്തിയിൽ കിടങ്ങുകൾ, ഫെൻസിംഗ്, മതിൽ തുടങ്ങിയവ നിർമ്മിച്ചും വനത്തിനുള്ളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും ഭക്ഷണവും കുടിവെള്ളവും ഉറപ്പുവരുത്തിയുമുള്ള പ്രതിരോധപ്രവർത്തനങ്ങൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ടെന്നും ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനായി 'വൃക്ഷശ്രീ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ ലേലം ചെയ്തുമാത്രമേ മുറിച്ചുമാറ്റാൻ സാധിക്കുകയുള്ളുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25(*214) <u>മത്സ്യഫെഡിലെ ക്രമക്കേട് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്</u>

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, മത്സ്യഫെഡിന്റെ ശക്തികുളങ്ങര കോമൺ പ്രീ-പ്രോസസിംഗ് സെന്ററിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത സ്ഥാപനത്തിലെ തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.